# <u>കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം</u>

കോളേജ് വിദ്യാഭ്യാസ വകുപ്പ് - പദ്ധതി വിഹിതം 2019-2020 - സ്വയംഭരണ കോൾേജുകളും മികച്ച (നേതൃ) കോളേജുകളെ സംയോജിത വിദ്യാഭ്യാസ ഹബ്ബുകളും ആക്കുകയും - ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾക്കുള്ള തുകകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

ഉത്തരവ് നം.പി1/67461/2019/കോവി.വ തീയതി: 15.06.2019

=================================================================

പരാമർശം:-1. സർക്കാർ പരിപത്രം.നം.31/2019/ധന തീയതി 10-04-2019.

2. എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന്റെ 26-04-2016 തീയതിയായുള്ള ഇ - മെയിൽ.

## <u>ഉത്തരവ്</u>

2019-2020 സാമ്പത്തിക വർഷം “ 2202-03-103-61- സ്വയം ഭരണ കോളേജുകളും സംയോജിത വിദ്യാഭ്യാസ ഹബ്ബുകളായി ലീഡ് കോളേജുകൾ സ്ഥാപിക്കലും” എന്ന ശീർഷകത്തിൽ 450 ലക്ഷം രൂപ (രൂപ നാനൂറ്റിയൻപത് ലക്ഷം മാത്രം) വകയിരുത്തിയിട്ടുണ്ട്. പരാമർശം (2) പ്രകാരം എറണാകുളം മഹാരാജാസ് കോളേജിൽ 2018-19 വർഷം ആട്ടോണമി ശീർഷകത്തിൽ ട്രഷറി ക്യൂവിൽ ഉൾപ്പെട്ട 8925/-, 1,19,880/- എന്നീ രണ്ടു ബില്ലുകൾക്കുള്ള തുക അനുവദിച്ചു നൽകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം (1) പ്രകാരം 2018-19 വർഷം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ 2019-2020 വർഷത്തെ അതാത് ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുകകളിൽ നിന്നും അനുവദിക്കുവാൻ സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ചിട്ടുള്ള ട്രഷറി ബില്ലുകൾ മാറി നൽകുന്നതിനായി മൊത്തം 1,28,805/- രൂപ (ഒരു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എണ്ണൂറ്റിയഞ്ച് രൂപ മാത്രം) എറണാകുളം, മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിത തുക “2202-03-103-61- സ്വയംഭരണ കോളേജുകളും/ സംയോജിത വിദ്യാഭ്യാസ ഹബ്ബുകളായി ലീഡ് കോളേജുകൾ സ്ഥാപിക്കലും “ 2019-2020 ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഒപ്പ്/-
ഹരിത.വി.കുമാർ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

<u>പകർപ്പ്:-</u>

1) പ്രിൻസിപ്പാൾ, മഹാരാജാസ് കോളേജ്, എറണാകുളം
2) ബഡ്ജറ്റ് സെക്ഷൻ
3) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
4) കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 19.06.19

GOVERNMENT OF KERALA